**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 333** **23-06-2026-ൽ മറുപടിയ്ക്ക്**

**ആലത്തൂർ പോലീസ് സ്റ്റേഷന് ലഭിച്ച അംഗീകാരങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ പോലീസ് സ്റ്റേഷന് കഴിഞ്ഞ അഞ്ച് വർഷ കാലയളവിനുള്ളിൽ ദേശീയതലത്തിൽ/സംസ്ഥാന തലത്തിൽ ഏതെങ്കിലും അംഗീകാരങ്ങളോ ബഹുമതികളോ ലഭിച്ചിട്ടുണ്ടോ;

**മറുപടി:** ലഭിച്ചിട്ടുണ്ട്

**(ബി)** ഏതൊക്കെ മേഖലകളിലെ പ്രവർത്തന മികവ് കണക്കിലെടുത്താണ് ഈ പുരസ്കാരങ്ങൾ ലഭിച്ചത്;

**മറുപടി:** പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനും, പൊതുജനങ്ങൾക്ക് പോലീസിന്റെ മികച്ച സേവനം നൽകിയതിനും, മികച്ച രീതിയിൽ പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യം ഒരുക്കിയതിനും, സ്റ്റേഷനും പരിസരവും വൃത്തിയായി സംരക്ഷിച്ചതിനും മറ്റുമാണ് 2024വർഷത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ഇന്ത്യയിലെ മികച്ച അഞ്ചാമത്തെയും കേരളത്തിൽ നിന്നും ഒന്നാമത്തെയും പോലീസ് സ്റ്റേഷനായി തിരഞ്ഞെടുക്കപ്പെട്ടത്.

**(സി)** കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ആലത്തൂർ പോലീസ് സ്റ്റേഷനിൽ നടന്നിട്ടുള്ളത്; അതിന് ഏതൊക്കെ പദ്ധതി/ഫണ്ടുകളാണ് ഉപയോഗിച്ചിട്ടുള്ളത്;

**മറുപടി:** കഴിഞ്ഞ 10 വർഷക്കാലത്തിനുള്ളിൽ പുതിയ സ്റ്റേഷൻ കെട്ടിടം നിർമ്മാണം , പോലീസ് സ്റ്റേഷന്റെ മുറ്റം ടൈൽസ് പാകി നവീകരണം, വാഹന പാർക്കിംഗിന് ഷെഡ് നിർമ്മാണം, പോലീസ് സ്റ്റേഷന്റെ അപ്പർ ഫാമിലി ക്വാർട്ടേഴ്സ് നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. സ്റ്റേഷനിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ഡി)** കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ലഹരിക്കേസുകളായും ആക്രമണക്കേസുകളായും എത്ര വീതം കേസുകളാണ് ആലത്തൂർ മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u>** കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ആലത്തൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ 270 ലഹരി കേസുകളും, 400 ആക്രമണ കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | പ്രവൃത്തികൾ | പദ്ധതി / ചെലവ് |
|---|---|---|
| 1 | സന്ദർശക മുറിയുടെയും വനിതാ പോലീസ് കോൺസ്റ്റബിൾമാർക്കുള്ള വിശ്രമ മുറിയുടെയും നിർമ്മാണം | ₹. 5,92,030 |
| 2 | പോലീസ് അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെ (USQ) നിർമ്മാണം | ₹. 16,35,846 |
| 3 | പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം – State Plan | ₹. 1,23,97,186 |
| 4 | പുതിയ മോഡുലാർ ടോയ്‌ലറ്റ് | ₹. 2,51,046 |
| 5 | അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ | ₹. 2,87,300 |